# എ .എം .എൽ .പി .എസ്. മരുതയൂർ

## അക്കാദമിക മാസ്റ്റർപ്ലാൻ

## 2025-26

പട്ടികപ്പെടുത്തൽ നിലവിലുള്ള പുസ്തകങ്ങളിൽനിന്നും പാടി പദ്ധതിയുമായി ബന്ധപ്പെട്ടവ കണ്ടെത്തൽ എന്നിവ വിദ്യാലയ വികസന പദ്ധതി ലക്ഷ്യമിടുന്നു.

വിദ്യാർത്ഥികൾക്ക് ക്ലാസ് മുറിയിലെ പ്രവർത്തനങ്ങൾക്ക് പുറമേ കലാകായിക പ്രവൃത്തി പരിചയ പഠന പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു. വിദ്യാർഥികളും വിദ്യാർഥികളും തമ്മിലും വിദ്യാർഥികളും അധ്യാപകരും തമ്മിലും അധ്യാപകരും അധ്യാപകരും തമ്മിലും അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.ഓരോ വിദ്യാർത്ഥിയെയും ഒരു യൂണിറ്റ് ആയി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്ന തരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു. പാർശ്വവൽക്കരിക്കപ്പെട്ട അതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

കലാപരവും കായികവുമായ ശാസ്ത്രീയവുമായ വളർച്ചയ്ക്ക് കുട്ടികൾക്ക് പ്രോത്സാഹനം നൽകുന്നുണ്ട് മിക്ക വർഷങ്ങളിലും കലാകായിക ശാസ്ത്ര മേളകളിൽ ഈ വിദ്യാലയത്തിന് മികച്ച നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഈ സ്കൂളിൽ നിന്ന് പ്രാഥമിക വിദ്യാഭ്യാസം കഴിഞ്ഞ് പലരും സമൂഹത്തിന്റെ വിവിധ തുറകളിൽ പ്രശസ്തരായി കഴിയുന്ന അധ്യാപകർ എൻജിനീയർ ഡോക്ടർമാർ വ്യവസായ പ്രമുഖർ വ്യാപാരികൾ എന്നിവർ ഇക്കൂട്ടത്തിൽപെടുന്നു

ഈ സ്കൂളിൽ O S A യുടെ ആഭിമുഖ്യത്തിൽ കുടിവെള്ളത്തിനായി ധാരാളം പൈപ്പുകൾ നിർമിച്ചു നൽകുകയും അതുപോലെ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ രണ്ട് ടോയലറ്റുകൾ നിർമ്മിച്ചു നൽകുകയും ഉണ്ടായി.

ഇവിടെ ഉച്ചഭക്ഷണ സൗകര്യത്തിനായി പാചക പുരയുണ്ട് എല്ലാ കുട്ടികൾക്കും വിഭവസമൃദ്ധമായ ഉച്ച ഭക്ഷണവും ഒരുക്കുന്നുണ്ട്.

ഈ സ്കൂളിലെ PTA പ്രസിഡണ്ട് പൂർവ്വ വിദ്യാർത്ഥിയായ ശ്രീ. ശിഹാബുദ്ദീനും MPTA ശ്രീമതി. ലിൻസിജയും ഈ സ്കൂളിന്റെ വികസനത്തിന് സജീവമായി പ്രവർത്തിച്ചുവരുന്നു.

<u>അവസ്ഥാപഠനം</u>: പരിഗണിക്കേണ്ട മേഖലകൾ

ഭാഷാ ശേഷി വികസനം വായനാ പരിപോഷണം ഇംഗ്ലീഷ് പഠന പരിപോഷണം എന്നിവ വിദ്യാലയമികവിനായി തെരഞ്ഞെടുത്തു.

ഈ സ്കൂളിലെ കുട്ടികൾക്ക് മാതൃഭാഷ സ്വായത്തമാക്കുന്നതിനും ഇംഗ്ലീഷിൽ അഭിരുചി വളർത്തുന്നതിനും വേണ്ടിയാണ് ഈ പ്രൊജക്ട് തെരഞ്ഞെടുത്തത്. എല്ലാ കുട്ടികളെയും വായനാശീലമുള്ളവരാക്കി മാറ്റുക വായനാനുഭവങ്ങൾ വിവിധരീതിയിൽ പങ്കിടുന്നതിന് അവസരം സൃഷ്ടിക്കുക വായനയുടെ വ്യത്യസ്ത തലങ്ങൾ പരിചയപ്പെടുത്തുക, വായനയുടെ വൈവിധ്യം ഉറപ്പാക്കുക, രചനാപരമായ കഴിവ് വളർത്തുക, സാമൂഹ്യ പങ്കാളിത്തത്തോടെ സ്കൂൾ ലൈബ്രറി വികസിപ്പിക്കുക, ഇത്തരം പ്രവർത്തനങ്ങളിലൂടെ ഭാഷാശേഷി വികസനവും വായനാ പരിപോഷണവും സാധ്യമാക്കുന്നു.

കുട്ടികൾ കൂടുതലായി സ്കൂളിൽ എത്തിച്ചേരുന്ന സ്ഥിതിയാണ് ഇപ്പോൾ നിലവിലുള്ളത്, ഈ അവസ്ഥ മാറാതിരിക്കുന്നതിനും കുട്ടികൾ ഇംഗ്ലീഷ് മീഡിയങ്ങളിൽ ചെന്ന് ചേരുന്നത് ഒഴിവാക്കുന്നതിനുമായി ഇംഗ്ലീഷ് പഠനം കൂടുതൽ കാര്യക്ഷമമായി ചെയ്യാൻ തീരുമാനിച്ചു. അതിനായി Picture card,Simple sentence Story telling, Conversation, Teacher talk, Group discussion, Puzzle Rhymes, Add more lines എന്നീ പ്രവർത്തനങ്ങൾ ചെയ്യാനും ആഴ്ചയിലൊരു ദിവസം ഇംഗ്ലീഷ് അസംബ്ലി കൂടാനും ക്ലാസ്സിൽ പരസ്പരം ഇംഗ്ലീഷിൽ സംസാരിക്കാൻ തീരുമാനിച്ചു. ബാലസഭയിൽ ക്ലാസ്സിൽ നടത്തിയ ഇംഗ്ലീഷ് മലയാളം പ്രവർത്തനങ്ങൾ അവതരിപ്പിക്കാനും അവരുടെ സർഗാത്മകകഴിവുകൾ വികസിപ്പിക്കുവാനും തീരുമാനിച്ചു. മലയാളത്തിളക്കം കൂടുതൽ സജീവമാക്കാനും തീരുമാനിച്ചു.

കൊറോണയുടെ സാഹചര്യത്തിൽ കുട്ടികൾ ഓൺലൈൻ പഠനത്തിലേക്ക് നീങ്ങിയതോടെ കുട്ടികളിൽ മലയാളം,ഇംഗ്ലീഷ് ഭാഷാശേഷികളിൽ ഉണ്ടായ പഠന വിടവുകൾ നികത്തുന്നതിന് ആവശ്യമായ പഠന പ്രവർത്തനങ്ങൾ (മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്) ആസൂത്രണം ചെയ്തു ആവിഷ്കരിച്ചിട്ടുണ്ട്.

ഗണിതത്തിലും ചതുഷ്ക്രിയകൾ പ്രയോഗിക്കുന്നതിൽ കുട്ടികളിൽ പ്രയാസം കണ്ടെത്തിയതിനെത്തുടർന്ന് കൂടുതൽ പഠന തന്ത്രങ്ങൾ(ഗണിത വിജയം) ചർച്ച ചെയ്ത് കണ്ടെത്തി.

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
| --- | --- | --- | --- | --- | --- | --- |
| 1 | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കുവാനും എഴുതുവാനും സംസാരിക്കുവാനും ഉള്ള ശേഷി വികസിപ്പിക്കൽ | 1. പഠന നില കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു | ജൂൺ ആദ്യ വാരം | ക്ലാസ് ടീച്ചർ | NIL | |
| | | 2. പരിമിതികൾ പരിഹരിക്കുന്നതിനു ആവശ്യമായ പ്രവർത്തനങ്ങൾ തയ്യാറാക്കൽ /ശേഖരിക്കൽ | ജൂൺ 15 ന് ശേഷം | ക്ലാസ് ടീച്ചർ | | |
| | | 3. ഇംഗ്ലീഷിലുള്ള അസംബ്ലി | ആഴ്ചയിൽ ഒരു ദിവസം | പ്രധാനാധ്യാപിക S R G | | |
| | | 4. ഇംഗ്ലീഷിലുള്ള ഡയറികുറിപ്പ് | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | | |
| | | 5. ഒരു ദിവസമൊരു ഭാഷ പരിപാടി | പ്രതിദിനം | ക്ലാസ് ടീച്ചർ | | |
| | | 6. ഇംഗ്ലീഷ് ക്ലാസ് ലൈബ്രറി ,വായനാ സാമഗ്രികൾ ,ലഘു വായനാ പുസ്തകം ,പത്രം | ജൂൺ 19 ന് ശേഷം | പ്രധാനാധ്യാപിക , ക്ലാസ് ടീച്ചർ | | |
| | | 7. പതിപ്പുകൾ | ഒക്ടോബർ മുതൽ | ക്ലാസ് ടീച്ചർ | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | കുട്ടികൾക്ക് മലയാള ഭാഷയുടെ ശേഷി വികസനവും വായനാപരിപോഷണവും | കുട്ടികൾക്ക് മലയാള ഭാഷയുടെ ശേഷി വികസനവും വായനാപരിപോഷണവും | ജൂൺ ആദ്യ വാരം | ക്ലാസ് ടീച്ചർ | Nil | | |
| | | പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ /ശേഖരിക്കൽ | ജൂൺ 20 ന് ശേഷം | പ്രധാനാധ്യാപിക<br>S R G | Nil | | |
| | | അസംബ്ലി | ആഴ്ചയിൽ 4 ദിവസം | ക്ലാസ് ടീച്ചർ | Nil | | |
| | | ഒരു ദിവസം ഒരു ഭാഷപരിപാടി | പ്രതിദിനം | ക്ലാസ് ടീച്ചർ | Nil | | |
| | | മലയാളം ക്ലാസ് ലൈബ്രറി ,വായനാസാമഗ്രികൾ ,വായനാപുസ്തകം ,പത്രം ,മാഗസിനുകൾ | ജൂലൈ ആദ്യ വാരം മുതൽ | പ്രധാനാധ്യാപിക<br>S R G<br>ക്ലാസ് ടീച്ചർ<br>PTA | 1500/- | | |
| | | പതിപ്പുകൾ | ജൂലൈ 15 ന് ശേഷം | ക്ലാസ് ടീച്ചർ | 500/- | | |
| | | ബാലസഭ | ജൂൺ രണ്ടാം വാരം | പ്രധാനാധ്യാപിക<br>S R G<br>ക്ലാസ് ടീച്ചർ | Nil | | |
| | | പത്രക്വിസ് | ജൂൺ 19 മുതൽ | പ്രധാനാധ്യാപിക<br>S R G ക്ലാസ് ടീച്ചർ | Nil | | |

മികവിന് ആയി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ.

<u>പ്രോജക്ട്.</u>

മേഖല :- അക്കാദമികം

ഉപമേഖല :- ഭാഷാ പഠനം ഇംഗ്ലീഷ് പഠനം

പ്രവർത്തനത്തിന് പേര് :- കുട്ടികളുടെ ഭാഷാ നിലവാരം ഉയർത്തൽ.

- സർഗാത്മക രചനകളിലൽ ഏർപ്പെടൽ
- കട്ടികളുടെ നിലവാരം പരിഗണിച്ചുകൊണ്ടുള്ള വായന സാമഗ്രികളുടെ നിർമ്മാണവും ശേഖരണവും
- രചനാപരമായ കഴിവ് വളർത്തുക
- I T അധിഷ്ഠിത പഠനത്തിൽ പ്രായോഗിക മാതൃക സൃഷ്ടിക്കുക
- സാമൂഹ്യ പങ്കാളിത്തത്തോടെ സ്കൂൾ ലൈബ്രറി വികസിപ്പിക്കുക

## സ്കൂളിൽ നടത്തുന്ന പ്രവർത്തനങ്ങൾ

ഭാഷാ ശേഷി വികസനം, വായനാ പരിപോഷണം

പ്രവർത്തനങ്ങൾ:-

- ഓരോ ക്ലാസിലെയും വായന ലക്ഷ്യം തീരുമാനിക്കൽ ക്ലാസ്സ്‌വാർഷിക പദ്ധതി തയ്യാറാക്കൽ
- നിലവിൽ സ്കൂളിൽ ലഭ്യമായ പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുക
- ക്ലാസ് നിലവാരമനുസരിച്ച് പുസ്തകങ്ങൾ തരംതിരിക്കുക
- പത്രങ്ങൾ വായിപ്പിക്കൽ
- അസംബ്ലിയിലും ക്ലാസിലും നിത്യവും പത്രവായനയും വിശകലനവും നടത്തുക
- പത്ര ക്വിസ് നടത്തുക
- ക്ലാസ് ലൈബ്രറി സജ്ജമാക്കുക
- വായിച്ച പുസ്തകത്തെക്കുറിച്ച് ക്ലാസ്/ അസംബ്ലി / ക്ലാസ് പിടിഎ എന്നിവയിൽ അവതരിപ്പിക്കൽ
- ബാല സഭയിൽ അവതരിപ്പിക്കൽ
- അമ്മ വായന. അമ്മമാർ വായിച്ച പുസ്തകത്തെക്കുറിച്ച് ക്ലാസ് പി ടി എ യിൽ അവതരണം.
- കട്ടികളുടെ വായന കുറിപ്പ് പതിപ്പ് ആക്കൽ
- മികച്ച വായനക്കാർക്ക് പൊതുവേദിയിൽ അംഗീകാരം
- വായനയിൽ പിന്നോക്കം നിൽക്കുന്നവരെ മെച്ചപ്പെടുത്തുന്ന കൂട്ട വായന
- വായനശാലയുമായി സഹകരിച്ചുള്ള പ്രവർത്തനം
- ദിനാചരണ പുസ്തക വായനക്ക് പദ്ധതി തയ്യാറാക്കൽ
- മലയാളത്തിളക്കം

## ഇംഗ്ലീഷ് പഠന പരിപോഷണം

പ്രവർത്തനങ്ങൾ:-

- Picture card നോക്കി പറയൽ
- Sentence making
- Missing letters
- Picture chart
- Puzzles
- Conversation

- Teacher talk
- Interactions
- Hello English
- Role play
- Learn colours
- Learn school /classroom vocabularies
- Name of flowers/trees/animals
- Action verbs
- Fun numbers
- News reading
- Making rhymes
- Add more lines

ചുമതല

- എസ് ആർ ജി കൺവീനർ
- അധ്യാപകർ
- പി ടി എ
- അഭ്യുദയകാംക്ഷി കൾ
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

വായനാ സാമഗ്രികൾ ഉറപ്പിക്കൽ

1. ഒന്ന മുതൽ നാലു വരെ ക്ലാസുകളിൽ വായന സാമഗ്രികളുടെ ലിസ്റ്റ് ഉപയോഗപ്പെടുത്തി വായിക്കൽ
2. ക്ലാസ് ലൈബ്രറി കൾക്ക് ആവശ്യമായ പുസ്തകങ്ങൾ വാങ്ങൽ
3. വായനാ കാർഡ് തയ്യാറാക്കൽ
4. വായനാമൂല തയ്യാറാക്കൽ /മെച്ചപ്പെടുത്തൽ
5. ബാല സാഹിത്യ മാസികകൾ/ തളിര്, യുറീക്ക, കളിക്കുടുക്ക,ബാലരമ,പൂമ്പാറ്റ ഡൈജസ്റ്റ്.

ചുമതല

- ക്ലാസ് അധ്യാപകർ
- H M
- P T A

സർഗ്ഗ ചുവർ

നോട്ടീസ് ബോർഡിൽ കുട്ടികളുടെ രചനകൾ പ്രദർശിപ്പിക്കുന്നതിന് വേണ്ട സംവിധാനം ഒരുക്കൽ. പ്രദർശിപ്പിച്ച രചനകൾ സംബന്ധിച്ച് അഭിപ്രായങ്ങൾ എഴുതുന്നതിന്. കുട്ടികളും രക്ഷിതാക്കളും ബുക്കിൽ എഴുതുന്നു.

സാഹിത്യകാരന്മാരെ സ്കൂളിൽ എത്തിക്കൽ

പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലേക്ക്
ക്ഷണിക്കൽ. അവരുടെ വായനാനുഭവങ്ങൾ ഉം എഴുത്ത് അനുഭവങ്ങളും കുട്ടികളുമായി പങ്കുവെക്കൽ കുട്ടികൾക്ക് അവരുമായി സംസാരിക്കുന്നതിന് അവസരമൊരുക്കൽ.

## പ്രതീക്ഷിത നേട്ടങ്ങൾ ഇംഗ്ലീഷ്/ മലയാളം

- കട്ടികളെ അറിവിന്റെ ലോകത്തേക്ക് കൈപിടിച്ചുയർത്താൻ കഴിയുന്നു
- ക്ലാസിലെ എല്ലാ കട്ടികളെയും സ്വതന്ത്ര വായനക്കാരാക്കാൻ കഴിയുന്നു.
- പരസഹായമില്ലാതെ പാഠപുസ്തകത്തിന് പുറമേ വായനാ സാമഗ്രികൾ ആഴത്തിൽ വായിക്കാനുള്ള കഴിവ്
- വായനാനുഭവം വ്യത്യസ്ത വ്യവഹാരരൂപങ്ങളിലൂടെ പ്രകടിപ്പിക്കാൻ കഴിയുന്നു.
- ക്ലാസ് മുറികളിൽ സജീവമായ വായനാന്തരീക്ഷം ഉണ്ടാകുന്നു.
- അദ്ധ്യാപകരും കട്ടികളും ഒന്നിച്ച് വായനയിൽ പങ്കുകാരാകുന്നു
- വിദ്യാലയത്തിന് പുറത്തും രക്ഷിതാക്കൾക്കും പ്രചോദനമാകുന്നു
- അക്ഷരങ്ങളും നിറങ്ങളും കട്ടികളുടെ കൂട്ടുകരാകുന്നു.
- സാമൂഹ്യപ്രതിബദ്ധത വളർത്താൻ
- ചിന്താശേഷി വികസിപ്പിക്കാൻ കഴിയുന്നു
- കട്ടിയുടെ ഭാഷ നൈപുണി വർദ്ധിക്കുന്നു
- അറിവും ആനന്ദവും നൽകുന്നു
- സംശയങ്ങൾക്ക് ഉത്തരം കണ്ടെത്താൻ കഴിയുന്നു.
- നല്ല പൗരന്മാരെ വളർത്തിയെടുക്കാനും ഉത്തരവാദിത്വം ഉള്ളവരാക്കാനും കഴിയുന്നു.
- കവിതാ രചന നടത്താനും വരികൾ ചേർക്കാനും കഴിയുന്നു.
- ചുറ്റുപാടുകളിലെ വസ്തുക്കൾ ഇംഗ്ലീഷിലും മലയാളത്തിലും പറയാൻ കഴിയുന്നു

## ഉപസംഹാരം

കട്ടികളെ അറിവിന്റെ അത്ഭുത ലോകത്തിലേക്ക് കൈപിടിച്ചുയർത്താൻ ഈ സ്കൂളിലെ അധ്യാപകരും പിടിഎ അംഗങ്ങളും അഭ്യുദയകാംക്ഷികളും സഹകരിച്ചുകൊണ്ട് പഠനാന്തരീക്ഷം ഒരുക്കുന്നതിനും കട്ടികൾക്ക് ആശയവിനിമയത്തിനും ആശയ സമ്പാദനത്തിനുള്ള വഴിയൊരുക്കുന്ന തിനും ഈ മാസ്റ്റർ പ്ലാൻ സഹായകമായി തീരട്ടെ എന്ന് ആശംസിച്ചു കൊണ്ട് ഏവർക്കുമായി സമർപ്പിക്കുന്നു.

AMLP SCHOOL
Date..................
MARUTHAYOOR

Shiney Paul M.

HEADMISTRESS
AMLP SCHOOL
MARUTHAYOOR